പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3109 10.12.2018-ൽ മറുപടിക്ക്

## നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഡ്രെയിനേജുകൾ, അണ്ടർ പാസ്സേജ്, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ തുടങ്ങിയവ നാളിതു വരെയും നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്യുന്ന പ്രവൃത്തിയാണ്. |
| (ബി) ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം, ചാലക്കുടി സൗത്ത്, കൊടകര, കൊരട്ടി എന്നീ ജംഗ്ഷനുകളിലെ ഡ്രെയിനേജ് നിർമ്മാണം, മുരിങ്ങൂർ ബി.ആർ.ഡി. ക്ക് എതിർഭാഗത്തുള്ള തകർന്ന റോഡിന്റെ വശങ്ങളുടെ സംരക്ഷണം, പേരാമ്പ്ര ഫുട് ഓവർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപടികൾ സ്വീകരിച്ചുവരുന്നു. നാലുവരിപ്പാതയുടെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ബാക്കിയുള്ള ഡ്രെയിനേജ് കണക്ഷൻ, കവർസ്ലാബ് എന്നിവ ചെയ്തു തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ കരാർ ഉടമ്പടി പ്രകാരം വെഹിക്കുലർ അണ്ടർ പാസിന്റെ നിർമ്മാണം 2019 മെയ് മാസത്തിലാണ് പൂർത്തിയാക്കേണ്ടത്. ആയതുപോലെ നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കം കാരണമാണ് മുരിങ്ങൂർ ബി.ആർ.ഡി-ക്ക് എതിർഭാഗത്തുള്ള റോഡിന്റെ വശങ്ങളിൽ തകർച്ചകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് കരാർ കമ്പനി ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. മെയിന്റനൻസ് വർക്കുകൾ എത്രയും പെട്ടെന്ന് തുടങ്ങുന്നതുമാണ്. പേരാമ്പ്ര ഫുട്ട് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ